# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6855</u>

13.07.2012 ൽ ഇടക്കാല
മറുപടി നല്കിയതിന്റെ സമ്പൂർണ്ണ മറുപടി

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; | (എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്താൻ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എച്ച്. സികളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ സീനിയർ മെഡിക്കൽ ഓഫീസർ കോൺഫറൻസിലും ജില്ലാ മെഡിക്കൽ ആഫീസർക്ക് കർശന നിർദ്ദേശം നൽകുന്നുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർമാരും റീജിയണൽ വിജിലൻസ് വിംഗും സംസ്ഥാന വിജിലൻസ് വിംഗും ഇടയ്ക്കിടയ്ക്ക് പി.എച്ച്.സികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ ചൂണ്ടിക്കാണിച്ച് പരിഹാരം കണ്ടെത്താനും നിർദ്ദേശം നൽകി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയൊന്നും തന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടില്ല. |
| (സി) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകൾ നിലവിലുണ്ട്; അവ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>ഡോക്ടർ -77<br>ഫാർമസിസ്റ്റ് -22<br>ലാബ് ടെക്നീഷ്യൻ -93<br>ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ -9<br>ദന്തൽ ഹൈജീനിസ്റ്റ് -4<br>ഓഫ്താൽമോളജിസ്റ്റ് -3<br>മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ -1 |

| | | | |
|---|---|---|---|
| | | | എക്സ്റേ അറ്റന്റർ -2<br>റേഡിയോഗ്രാഫർ - 1<br>ഇ.സി.ജി ടെക്നീഷ്യൻ -3<br>ഫിസിയോതെറാപിസ്റ്റ് -1<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II - 47<br>പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II വിന്റെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങളിൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ